പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-7987 16-07-2014 ൽ മറുപടിക്ക്

## നിയമ പരിഷ്കരണം

**ചോദ്യം** **ഉത്തരം**

ശ്രീ. എം. ഹംസ

ശ്രീ. കെ.എം. മാണി
(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ നിലവിലുള്ള നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ് എന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ ; | ഉണ്ട്. സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും 17-11-2007 -ൽ ജി.ഒ. (എം.എസ്)നം. 253/2007/ നിയമം എന്ന സർക്കാർ ഉത്തരവ് പ്രകാരം ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായുള്ള ഒരു നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത ... ത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാം നിയമങ്ങൾ എന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | പഠനം നടത്തിയതിൻ പ്രകാരം വിവിധ വിഷയങ്ങളെ സംബന്ധിക്കുന്ന 104 കരട് ബില്ലുകൾ ഉണ്ട്. അവയിൽ 65 എണ്ണം പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതിനും 30 എണ്ണം നിലവിലുള്ള നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനും 9 എണ്ണം നിലവിലുള്ള ചട്ടങ്ങളും റെഗുലേഷനുകളും ഭേദഗതി ചെയ്യുന്നതിനും ഉള്ളതാണ്. 107 കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനും പ്രസ്തുത റിപ്പോർട്ടിൽ നിർ ദ്ദേശമുണ്ട്. |
| (സി) | അതിനായുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും കാലാനുസൃതമാക്കി പരിഷ്കരിക്കുന്നതിനും ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായിട്ടുള്ള നിയമ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർ ദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പുകളുടെ അഭിപ്രായം വാങ്ങുന്നതുൾ പ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |

| | | |
|---|---|---|
| (ഡി) | സംസ്ഥാനത്തെ നിയമങ്ങൾ മലയാളത്തിലാക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | കേരള നിയമസഭയുടെ നടപടി ക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69(2) പ്രകാരം ഇംഗ്ലീഷിൽ അധിനിയമം ചെയ്യപ്പെട്ട പ്രധാന ആക്റ്റിന്റെ ഭേദഗതി ബില്ലുകൾ ഒഴികെയുള്ള എല്ലാ ബില്ലുകളും മലയാള ഭാഷയിൽ മാത്രമേ നിയമസഭ മുമ്പാകെ അവതരിപ്പിക്കുവാൻ കഴിയുകയുള്ളൂ എന്നതിനാൽ സംസ്ഥാനത്ത് പുതിയതായി ഉണ്ടാക്കുന്ന നിയമങ്ങൾ എല്ലാം തന്നെ മലയാളത്തിലാണ് തയ്യാറാക്കുന്നത്. ഭേദഗതി നിയമങ്ങൾ ഇംഗ്ലീഷിൽ അവതരിപ്പിച്ച് പാസ്സാക്കാറുണ്ടെങ്കിലും പിന്നീട് അതിന്റെ മലയാള പരിഭാഷ പ്രസിദ്ധപ്പെടുത്തി വരുന്നു. |
| (ഇ) | കോടതി നടപടികൾ മാതൃഭാഷയിലാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ; അതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ? | കോടതി ഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന ഔദ്യോഗിക ഭാഷ ഉന്നതതല സമിതി 19-12-2013 -ലെ സ.ഉ. (കൈയ്യെഴുത്ത് ) നം.223/2013/നിയമം ഉത്തരവിലൂടെ വിപുലീകരിക്കുകയുണ്ടായി. ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ പ്രസ്തുത സമിതിയുടെ 12-05-2014 -ലെ യോഗത്തിന്റെ നടപടിക്കുറിപ്പിന്മേൽ സത്വരമായി തുടർ നടപടികൾ സ്വീകരി ക്കുന്നതിലേക്കായി ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും വകുപ്പുകൾക്കും നൽകിയിട്ടുണ്ട്.<br><br>കോടതിഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ ജസ്റ്റിസ് കെ.കെ.നരേന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരികയാണ്. കീഴ് കോടതികളിൽ ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന കമ്പ്യൂട്ടറുകളിൽ മലയാളം സോഫ്റ്റ് വെയർ സ്ഥാപിക്കുന്നതിനും, നിലവിലെ ഉദ്യോഗസ്ഥർക്ക് മലയാളം പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ നിർ ദ്ദേശം നൽകിയിട്ടുണ്ട്. ന്യായാധിപൻമാർക്ക് പരിശീലനം നൽകുവാൻ മതിയായ |

| | | |
|---|---|---|
| | | സൗകര്യം ഇപ്പോൾതന്നെ ഹൈക്കോടതിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത റിപ്പോർട്ടിന്റെ 22-ാം ഖണ്ഡികയിൽ കേരള ഹൈക്കോടതിയുടെ വിധിന്യായങ്ങളും സുപ്രീം കോടതിയുടെ വിധിന്യായങ്ങളുടെ ചുരുക്കക്കുറിപ്പുകളും അടങ്ങിയ മലയാളത്തിലുള്ള ഒരു നിയമ ജേർണൽ പ്രസിദ്ധീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും ആയതിന്റെ പ്രസിദ്ധീകരണത്തിന് ഹൈക്കോടതിയുമായി ആലോചിച്ച് സർക്കാർ വേണ്ട നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ, 02-03-2012-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 78/2012/നിയമം ഉത്തരവിലൂടെ നിയമ ഔദ്യോഗിക ഭാഷാ - പ്രസിദ്ധീകരണ സെൽ രൂപീകരിക്കുകയുണ്ടായി. കോടതി ഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച പ്രസ്തുത സെൽ പ്രധാനപ്പെട്ടതും പ്രസക്തവുമായ സുപ്രീംകോടതി വിധിന്യായങ്ങളുടെയും ഹൈക്കോടതി വിധിന്യായങ്ങളുടെയും പരിഭാഷയും നിയമ ലേഖനങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ നിയമ ജേർണലായ നിയമ ധ്വനിയുടെ രണ്ട് പുസ്തകങ്ങൾ ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമ വിദ്യാഭ്യാസ മാധ്യമം മലയാളത്തിലാക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനം കൈക്കൊള്ളുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. |

**ഉത്തരവിൻ പ്രകാരം**

Sreeky

**സെക്ഷൻ ഓഫീസർ**